ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** പ്രധാനവാർത്തകൾ **DATE: 25.08.2025**

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയുമായുള്ള ഉഭയകക്ഷി ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.
2. കേന്ദ്രസഹമന്ത്രിമാരായ എൽ മുരുഗനും ജോർജ് കുര്യനും ഇന്ന് കൊച്ചിയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.
3. സപ്ലൈകോ ഓണച്ചന്തകൾക്ക് ഇന്ന് തുടക്കം. സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.
4. ഓണത്തിന്റെ വരവറിയിച്ച് നാളെ അത്തം. അയൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കൃഷിയിടങ്ങളിൽ പൂക്കാലമെത്തി.
5. സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രത തുടർന്ന് ആരോഗ്യവകുപ്പ്.
6. കാഴ്ച പങ്കു വയ്ക്കാം, മാറ്റാം ഒരു ജീവിതം എന്ന സന്ദേശവുമായി ദേശീയ നേത്രദാന പക്ഷാചരണത്തിന് ഇന്ന് തുടക്കം.

************

ഫിജി പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയുമായുള്ള ഉഭയകക്ഷി ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഫിജി പ്രധാനമന്ത്രി ഇന്ന് രാവിലെ രാജ്ഘട്ടിൽ മഹാത്മാഗാന്ധി സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായും ഫിജി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

************

അമിത്ഷാ

130-ാം ഭരണഘടനാ ഭേദഗതി ബില്ലിനെതിരായ പ്രതിഷേധങ്ങളിൽ പ്രതിപക്ഷ പാർട്ടികളെ വിമർശിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ബില്ലിനെതിരെ പ്രതിപക്ഷ പാർട്ടികൾ നടത്തിയ പ്രതിഷേധം ജനാധിപത്യ വിരുദ്ധമാണെന്ന് ഒരു സ്വകാര്യ വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ ശ്രീ ഷാ പറഞ്ഞു. ബിൽ സംബന്ധിച്ച സംയുക്ത പാർലമെൻററി സമിതിയെ പ്രതിപക്ഷം ബഹിഷ്കരിച്ചെങ്കിലും ജെപിസി പ്രവർത്തനം തുടരുമെന്നും അദ്ദേഹം അറിയിച്ചു.

************

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാമനിർദേശപത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. മഹാരാഷ്ട്ര ഗവർണർ സി.പി.രാധാകൃഷ്ണൻ എൻ ഡി എ സ്ഥാനാർത്ഥിയായും, മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡി **I.N.D.I.A** സ്ഥാനാർത്ഥിയായും മത്സരിക്കും. അടുത്ത മാസം 9 നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

************

മുഖ്യമന്ത്രി -സപ്ലൈകോ

സപ്ലൈകോ ഓണം ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. വൈകിട്ട് തിരുവനന്തപുരം കിഴക്കേകോട്ടയിലെ ഇ.കെ.നായനാർ പാർക്കിലാണ് പരിപാടി. ഓണത്തിനായി രണ്ടര ലക്ഷത്തോളം ക്വിൻറൽ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. സബ്സിഡി അരിയ്ക്കു പുറമേ ഓണക്കാലത്ത് കാർഡ് ഒന്നിന്, 20 കിലോ പച്ചരിയോ പുഴുക്കലരിയോ 25 രൂപ നിരക്കിൽ പ്രത്യേകമായി ലഭ്യമാക്കും.

************

സപ്ലൈകോ ഓണംഫെയർ - ജില്ലകൾ

സപ്ലൈകോയുടെ ജില്ലാതല ഓണം ഫെയറുകൾക്കും ഇന്നും നാളെയുമായി തുടക്കമാകും. ആലപ്പുഴ ജില്ലാതല ഓണംഫെയർ മന്ത്രി പി പ്രസാദ് ഇന്ന് വൈകുന്നേരം പുന്നപ്ര-വയലാർ സ്മാരക ഹാളിൽ ഉദ്ഘാടനം ചെയ്യും. ആശ്രാമം മൈതാനിയിൽ നടക്കുന്ന കൊല്ലം ജില്ലാ ഓണം ഫെയർ മന്ത്രി കെ.എൻ. ബാലഗോപാൽ നാളെ ഉദ്ഘാടനം ചെയ്യും. എറണാകുളം ജില്ലാതല ഓണം ഫെയർ മന്ത്രി പി രാജീവും ഇടുക്കി ജില്ലാതല മേള മന്ത്രി റോഷി അഗസ്റ്റിനും നാളെ ഉദ്ഘാടനം ചെയ്യും.

************

പൂപ്പാടങ്ങൾ ഒരുങ്ങി-ഇൻട്രോ

ഓണത്തിൻറെ വരവറിയിച്ച് നാളെ അത്തം. തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്രയും നാളെ നടക്കും. അതേസമയം, ഓണത്തിന് കേരളത്തിലേക്ക് പൂക്കൾ എത്തിക്കാൻ അയൽ സംസ്ഥാനങ്ങളിലെ പൂപ്പാടങ്ങൾ ഒരുങ്ങി. ഓണക്കാലം തമിഴ്നാട്ടിലെയും കർണാടകയിലെയും പൂ കർഷകർക്ക് ചാകരക്കാലമാണ്. വിവാഹ സീസൺ കൂടി

കണക്കിലെടുത്ത് ഇപ്പോൾ തന്നെ വിപണിയിൽ പൂവില ഉയർന്നുതുടങ്ങി.
*കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ................*
*(വോയിസ്)*

************

<u>സൗജന്യ ഓണക്കിറ്റ് വിതരണം</u>
സംസ്ഥാന സർക്കാർ അന്ത്യോദയ അന്ന യോജന റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും നൽകുന്ന സൗജന്യ ഓണക്കിറ്റിൻറെ സംസ്ഥാനതല വിതരണോദ്ഘാടനം മന്ത്രി ജി.ആർ.അനിൽ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. വി.കെ. പ്രശാന്ത് എം.എൽ.എ അദ്ധ്യക്ഷത വഹിക്കും.
പഞ്ചസാര, വെളിച്ചെണ്ണ, തുവര പരിപ്പ്, ചെറുപയർ, വൻ പയർ, പായസം മിക്സ് തുടങ്ങിയ 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയ ഓണക്കിറ്റാണ് വിതരണം ചെയ്യുന്നത്.

************

<u>എൽ മുരുകൻ+ജോർജ്ജ് കുര്യൻ</u>
കേന്ദ്രസഹമന്ത്രിമാരായ എൽ മുരുഗനും ജോർജ് കുര്യനും ഇന്ന് കേരളത്തിൽ. കൊച്ചിയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന ശ്രീ എൽ മുരുഗൻ ഇന്ന് വൈകിട്ട് ഡൽഹിയിലേക്ക് മടങ്ങും. കൊച്ചി മറൈൻ ഡ്രൈവിൽ നാളെ ആരംഭിക്കുന്ന ലോക് സംവർധൻ പർവ് പരിപാടിയുടെ മുന്നൊരുക്കങ്ങൾ ശ്രീ ജോർജ് കുര്യൻ അവലോകനം ചെയ്യും.

************

<u>അമീബിക്</u>
സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രത തുടർന്ന് ആരോഗ്യവകുപ്പ്. ജലസ്രോതസ്സുകൾ

കേന്ദ്രീകരിച്ച് ക്ലോറിനേഷൻ പ്രവർത്തനങ്ങൾ ശക്തമാക്കി. രോഗ ഉറവിടം കണ്ടെത്താനുള്ള ശ്രമങ്ങൾ തുടരുകയാണ്. വയനാട് സ്വദേശിയായ യുവാവിന് കൂടെ രോഗം സ്ഥിരീകരിച്ചതോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളവരുടെ എണ്ണം എട്ടായി.

************

<u>മൻ കി ബാത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, **MyGov** ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

************

<u>ദേശീയ നേത്രദാനം</u>

കാഴ്ച പങ്കു വയ്ക്കാം, മാറ്റാം ഒരു ജീവിതം എന്ന സന്ദേശവുമായി ദേശീയ നേത്രദാന പക്ഷാചരണത്തിന് തുടക്കമായി. നേത്രദാനത്തിൻറെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കാനും, തെറ്റിദ്ധാരണകൾ മാറ്റാനും, മരണാനന്തരം കണ്ണുകൾ ദാനം ചെയ്യാൻ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ എട്ട് വരെ പക്ഷാചരണം സംഘടിപ്പിക്കുന്നത്. കാഴ്ചയില്ലാത്ത ലക്ഷക്കണക്കിനാളുകൾക്ക് പ്രത്യാശയുടെ വെളിച്ചം നല്കാൻ നേത്രദാനത്തിലൂടെ സാധിക്കും. നേത്രദാന സമ്മതപത്രം നല്കിയതുകൊണ്ടു മാത്രം ഈ പ്രക്രിയ പൂർണ്ണമാകില്ലെന്നും മരണാനന്തരം ബന്ധുക്കൾ ഇതുമായി ബന്ധപ്പെട്ട സംഘടനകളെയോ സ്ഥാപനങ്ങളെയോ യഥാസമയം

അറിയിക്കണമെന്നും തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ഥാൽമോളജി ഡയറക്ടർ ഡോ. ഷീബ സി എസ് ആകാശവാണിയോട് പറ ഞ്ഞു.

( വോയിസ്.... )

************

## ക്ഷേമ പെൻഷൻ മസ്റ്ററിങ്

ക്ഷേമ പെൻഷൻ ഗുണഭോ ക്താക്കളുടെ വാർഷിക മസ്റ്ററിങ്ങിനുള്ള സമയപരിധി അടു ത്ത മാസം 10 വരെ നീ ട്ടി. സമയപരിധി നീ ട്ടിനൽകണമെ ന്ന ആവശ്യം പരിഗണി ച്ചാണ് തീരുമാനം. സാമുഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോ ക്താക്കൾക്ക് സമയപരിധി ക്കുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിങ്ങ് നടത്താം.

************

## കെസിഎൽ

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉ ച്ചക്ക് 2.30ന് ഏരീസ് കൊല്ലം സെയ്ലേഴ്സ് തൃശൂർ ടൈ റ്റൻസിനെ നേരിടും. വൈകുന്നേരം 6.45 ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ആലപ്പി റിപ്പിൾസ്, അദാനി ട്രിവാൻഡ്രം റോയൽസുമായി ഏ റ്റുമുട്ടും.

************

## ഓഹരി/ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേ ട്ടം. ബോംബെ ഓഹരി സൂചിക
സെൻസെക്സ് 356 പോയിൻറ് ഉയർന്ന് 81,663 ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 99 പോയിൻറ് നേട്ടത്തിൽ 24,969 ലും വ്യാപാരം തുടരു ന്നു. സ്വർണ വില കുറ ഞ്ഞു. പവന് 80 രൂപ

കുറഞ്ഞ് 74,440 രൂപയും, ഗ്രാമിന് 9,305 രൂപയുമാണ് ഇന്നത്തെ വില.

************

<u>സമ്പാദ്യ പദ്ധതി (ഇൻട്രോ)</u>

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ സമ്പാദ്യ ശീലം വളർത്താൻ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കിവരുന്ന വിദ്യാർത്ഥി സമ്പാദ്യ പദ്ധതിയിൽ മികച്ച നേട്ടം കൈവരിച്ച് കോഴിക്കോട് ജില്ല. വിദ്യാഭ്യാസ- ട്രഷറി വകുപ്പുകളും ദേശീയ സമ്പാദ്യ വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.
*കോഴിക്കോട് ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്.*
*(ഹോൾഡ് വോയ്സ്.................)*

************

<u>ശുഭാൻഷു ശുക്ല-സ്വീകരണം</u>

ഇന്ത്യൻ ബഹിരാകാശ സംഘത്തിൻറെ ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയ്ക്ക് ജന്മനാടായ ലഖ്നൗവിൽ ഊഷ്മള സ്വീകരണം. വിമാനത്താവളത്തിൽ ഉപമുഖ്യമന്ത്രി ബ്രജേഷ് പഥക്കും, മേയർ സുഷമ ഖാർകവാളും അദ്ദേഹത്തെ സ്വീകരിച്ചു. ശുഭാൻഷു ശുക്ല പഠിച്ച സ്കൂൾ സംഘടിപ്പിച്ച അനുമോദന ചടങ്ങിൽ നിരവധി സ്കൂൾ കുട്ടികൾ അണിനിരന്നു.

************

<u>സ്കൂൾ ശാസ്ത്രോത്സവം</u>

കേരള സ്കൂൾ ശാസ്ത്രോത്സവം നവംബർ 7 മുതൽ 10 വരെ പാലക്കാട് ടൗണിൽ സംഘടിപ്പിക്കും. മന്ത്രിമാരായ എം ബി രാജേഷ്, കെ കൃഷ്ണൻകുട്ടി, പാലക്കാട് ജില്ലയിലെ എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാ കളക്ടർ എന്നിവരുമായുള്ള ചർച്ചയിലാണ് തീരുമാനം.

************

<u>രാഹുൽ മാങ്കൂട്ടത്തിൽ</u>

ആരോപണങ്ങൾക്ക് പിന്നാലെ രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എ യെ പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽ നിന്ന്

കോൺഗ്രസ് സസ്പെൻഡ് ചെയ്തു. ആറ് മാസത്തേക്കാണ് സസ്പെൻഷൻ.

************

സംസ്ഥാനതല നയരൂപീകരണം

സമുദ്ര മേഖലയുമായി ബന്ധപ്പെട്ട സാമ്പത്തിക പാരിസ്ഥിതിക വിഷയങ്ങളിൽ സമഗ്ര വിവരശേഖരണത്തിന് കേന്ദ്ര സ്ഥിതിവിവരക്കണക്ക് പദ്ധതി നിർവ്വഹണ മന്ത്രാലയം നടപടികൾ ആരംഭിച്ചു. ഇതിൻറെ ഭാഗമായി ഈ മാസം 29 ന് എറണാകുളത്ത് സംഘടിപ്പിക്കുന്ന ശില്പശാലയിൽ മന്ത്രാലയ സെക്രട്ടറി സൗരഭ് ഗാർഗ്, ചീഫ് സെക്രട്ടറി ജയതിലക് തുടങ്ങിയവർ സംസാരിക്കും. 9 തീരദേശ സംസ്ഥാനങ്ങൾ, 4 കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള 70 പ്രതിനിധികളും വിദഗ്ദരുമുൾപ്പെടെ 100 ഓളം പേർ ശില്പശാലയിൽ പങ്കെടുക്കും.

************

******

*

R